# പതിനാലാം കേരള നിയമസഭ

## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 151 28/10/2019-ൽ മറുപടിയ്ക്ക്**

## രക്ഷിതാക്കളുടെ മർദ്ദനം മൂലം പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.എ.പി. അനിൽ കുമാർ | പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
| (എ) രക്ഷിതാക്കളുടെ മർദ്ദനം മൂലം പിഞ്ചുകുഞ്ഞുങ്ങൾ കൊല്ലപ്പെടുന്ന സംഭവങ്ങൾ സംസ്ഥാനത്ത് വർദ്ധിച്ചുവരുന്നത് ഗൗരവമായി കാണുന്നുണ്ടോ; | (എ) ഉണ്ട്. |
| (ബി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് എന്തുകൊണ്ടാണെന്ന് പരിശോധിച്ചിട്ടുണ്ടോ; | (ബി) ഇത്തരം കുറ്റകൃത്യങ്ങൾ ആവർത്തിക്കുന്നത് പ്രധാനമായും രക്ഷിതാക്കളുടെ ലഹരി ഉപയോഗം, അവിഹിതബന്ധം, സാമ്പത്തിക പ്രതിസന്ധി, കുടുംബ ബന്ധങ്ങളിലെ വിള്ളൽ തുടങ്ങിയവ മൂലമാണ്. |
| (സി) അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികളെ സംബന്ധിച്ച് സർക്കാർ കണക്കെടുപ്പ് നടത്തിയിട്ടുണ്ടോ; എങ്കിൽ ഇത്തരം കുട്ടികൾ വീട്ടിൽ ശാരീരിക/മാനസിക പീഢനം | (സി) സംസ്ഥാനത്തെ അങ്കണവാടികൾ മുഖേന അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികളുടെ കണക്കെടുപ്പ് നടത്തിയിട്ടുണ്ട്. അരക്ഷിതാവസ്ഥയിൽ കഴിയുന്ന കുട്ടികൾ വീടുകളിൽ ശാരീരിക – |

| | |
|---|---|
| അനുഭവിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തുവാൻ എന്ത് നടപടിയാണ് കൈക്കൊള്ളുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ? | മാനസിക പീഡനം അനുഭവിക്കുന്നില്ലായെന്നു ഉറപ്പ വരുത്തുന്നതിനായി "കരുതൽ സ്പർശം - കൈകോർക്കാം കുട്ടികൾക്കായി" എന്ന പദ്ധതി ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്നു. ഉത്തരവാദിത്വപൂർണമായ രക്ഷാകർത്തൃത്വം കുട്ടികൾക്ക് ഉറപ്പാക്കുക എന്നതാണ് കരുതൽ സ്പർശത്തിന്റെ ഉദ്ദേശ്യം . |

സെക്ഷൻ ഓഫീസർ